സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 45-51

പാലൈ
PALAI பாலை
ISSN No: 3049-0316

# കളറെടുക്കാത്തവന്റെ കൈപ്പിഴ

## ബിനു എം പള്ളിപ്പാടിന്റെ 'അവർ കുഞ്ഞിനെ തൊടുമ്പോൾ' എന്ന കാവ്യസമാഹാരത്തെ മുൻനിർത്തിയുള്ള പഠനം.



**ഡോ. ബിന്ദു നിരവത്ത് ***

**സംഗ്രഹം**

സമകാലിക ദലിത് കവിതയെ പ്രമേയതലത്തിലും ആഖ്യാനതലത്തിലും വേറിട്ട വഴിയിലൂടെ നടത്തിയ കവിയാണ് ബിനു എം പള്ളിപ്പാട്. അദ്ദേഹത്തിന്റെ കാവ്യലോകം പങ്കിടുന്ന പ്രത്യേകതകളും അവ തീർത്തുവയ്ക്കുന്ന സംവേദനത്തെയും സൂക്ഷ്മമായി അടയാളപ്പെടുത്തുന്നതാണ് ഈ ലേഖനം. സാമ്പ്രദായിക കാവ്യപദാവലികൾക്കിണങ്ങാത്ത ദലിത് അനുഭവലോകത്തെ വേറിട്ട ഭാഷയിലൂടെ തുറന്നാവിഷ്കരിച്ചുകൊണ്ട് വരേണ്യതയെ പ്രതിരോധിക്കുന്ന രാഷ്ട്രീയമാണ് ഈ കവിതകൾ മുന്നോട്ടു വെക്കുന്നത്. സാഹിത്യലോകത്തേക്ക് പ്രവേശനം കിട്ടാതെ പോയ പദങ്ങളുടെ നീണ്ടനിര ബിനു എം പള്ളിപ്പാടിന്റെ കാവ്യലോകത്ത് പ്രത്യക്ഷപ്പെടുന്നതിന്റെ പശ്ചാത്തലമതാണ്.

കറുപ്പിനെ ഓരത്തേക്ക് മാറ്റുന്നതിന്റെ ചരിത്രത്തെ കണ്ടെടുക്കുന്ന കവിതയാണ് 'സ്റ്റുഡന്റ് വാട്ടർകളർ'. കത്തുന്ന ലോകവും കരിഞ്ഞ മാംസവും വരയ്ക്കാൻ കളറെടുക്കാതിരുന്നവരാണ് തന്റെ ഗുരുക്കന്മാർ എന്ന് ഈ കവിത സാക്ഷ്യപ്പെടുത്തുന്നു. പൊള്ളുന്ന ദലിതനുഭവങ്ങളെ അടയാളപ്പെടുത്താതെ കളറെടുക്കാതെ പോയ ചരിത്രത്തിലെ അഭാവങ്ങളെ; അദൃശ്യതകളെ കവി ഇവിടെ അപലപിക്കുന്നു. ഇത്തരം സാംസ്കാരിക പരിസരത്തിലാണ് കളറെടുക്കാത്തവന്റെകൈപ്പിഴയായി കറുപ്പിനെ കവി ആവിഷ്ക്കരിക്കുന്നത്. കവിയുടെ ഈ പ്രയോഗത്തെയാണ് പ്രബന്ധത്തിന്റെ തലക്കെട്ടായി സ്വീകരിച്ചിരിക്കുന്നത്.

**താക്കോൽ വാക്കുകൾ:** ദലിത് - അദൃശ്യർ - ഉൽപാദനവർഗ്ഗം - വാങ്മയചരിത്രം - സർറിയലിസം

## സംഗ്രഹം

ദലിത് എന്നത് ചരിത്രപരമായ ഒരു തിരിച്ചറിവാണ്." അംബേദ്കറിൽ നിന്ന് ആരംഭിക്കുന്നതും ജാതിയിൽ നിന്ന് ജാതി വിരുദ്ധതയിലേക്കും ക്രമത്തിൽ എല്ലാ ചൂഷിതരുമായി ഐക്യപ്പെട്ട് വികസിക്കുന്നതുമായ സാമൂഹ്യബോധമാണത്.സാമൂഹികമായ അധകൃതാവസ്ഥയെ ചരിത്രപരമായി സമീപിക്കുന്നതാണ് അതിന്റെ വിശകലന രീതി. സ്വന്തം പാരമ്പര്യത്തെയും അസ്തിത്വത്തെയും

* അസിസ്റ്റന്റ് പ്രൊഫസ്സർ ഓഫ് മലയാളം, ഗവ. കോളേജ് താനൂർ. ഫോൺ: 9895419182, ഇമെയിൽ- naravathbindhunaravath@gmail.com

ആദരിക്കുന്ന പദവിയിലേക്ക് ദലിതർ എത്തിച്ചേരുന്നു. ശ്രേണീകൃതമായ സ്വത്വത്തിൽ നിന്ന് അത് വിമുക്തമാണ്" (പ്രദീപൻ പാമ്പിരികുന്ന്, 2023,46). സാമൂഹികനീതിലിധിഷ്ഠിതമായ ഒരു സമൂഹനിർമ്മിതിയും വ്യക്തിത്വനിർമ്മിതിയും അതിന്റെ കാതലായ ആശയമായി കടന്നുവന്നു. പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകൾ മുതൽ പുതിയകാല ദലിത്കവിത വരെ ഇത്തരം ഒരു ദൗത്യത്തിനെ ഉള്ളടക്കം ചെയ്താണ് പ്രതിരോധത്തിന്റെ രാഷ്ട്രീയം മുന്നോട്ട് വയ്ക്കുന്നത്. മുഖ്യധാരാസാഹിത്യവും ജ്ഞാനപദ്ധതികളും അപരവൽക്കരിച്ച; അദൃശ്യവൽക്കരിച്ച ജീവിതത്തെയും മൂല്യങ്ങളെയും പുതിയ രീതിയിൽ തേടുന്നവയാണ് ഇന്നത്തെ മലയാള ദലിത് കവിത. സംവൃതമായ ജീവിതാനുഭവങ്ങളുടെ ആവിഷ്കാരങ്ങളിലൂടെയാണ് വർത്തമാനകാല ദലിത്കവിതകൾ പുതിയ സംവേദനത്തിന്റെ തീഷ്ണമായ സംവാദങ്ങളൊരുക്കുന്നത്. സമകാലിക ദലിത്കവിതയെ വ്യതിരിക്തമാക്കുന്ന കവിതകളാണ് ബിന്ദു എം. പള്ളിപ്പാടിന്റേത്. 'അവർ കുഞ്ഞിനെ തൊടുമ്പോൾ' എന്ന കാവ്യസമാഹാരത്തെ മുൻനിർത്തി ബിന്ദു എം. പള്ളിപ്പാടിന്റെ കാവ്യലോകം മുന്നോട്ടുവയ്ക്കുന്ന സംവേദനത്തെയും ആഖ്യാനത്തെയും പഠിക്കുക എന്നതാണ് പ്രബന്ധലക്ഷ്യം.

വളരെ കുറഞ്ഞ കാലം കൊണ്ട് തന്നെ ആഴത്തിലുള്ള കാവ്യലോകം തീർത്ത കവിയാണ് ബിന്ദു എം. പള്ളിപ്പാട്. 'പാലറ്റ്' എന്ന സമാഹാരമാണ് ആദ്യം പ്രസിദ്ധീകരിക്കുന്നത്. തുടർന്ന് 'അവർ കുഞ്ഞിനെ തൊടുമ്പോൾ', 'കുയിൽ കുടി' എന്നീ സമാഹാരങ്ങളും വന്നു. 'പാലറ്റ്' മുതൽ 'അനസ്തേഷ്യ' (അവസാന കവിത) വരെയാണ് ആ കാവ്യലോകത്തിലുള്ളത്. പൊതുവിൽ കൽപ്പിച്ച നൽകപ്പെട്ട സ്ഥലകാല രാശിയിലല്ല ഈ കവിതകളുടെ ജാതകംകണ്ടെത്തേണ്ടത്." ബിന്ദു കവിതയിലൂടെ കാഴ്ചവെക്കുന്ന ലോകവും കാഴ്ചയും ഇതിനുമുമ്പുള്ള ഒരു കവിയുടെ കാഴ്ചയും ലോകവുമല്ല. ഒന്നിന്റെയും ചരിത്രപരമായ തുടർച്ചയുമല്ല. കാരണം ബിന്ദു മലയാള കവിതയിൽ ഒരു വിച്ഛേദഖണ്ഡമാണ്" (ജയശീലൻ പി.ആർ. 2023,22). ഇത്തരത്തിൽ മലയാള കാവ്യസംവേദനത്തിൽ വിച്ഛേദം സൃഷ്ടിച്ച ബിന്ദു എം. പള്ളിപ്പാടിന്റെ 'അവർ കുഞ്ഞിനെ തൊടുമ്പോൾ' എന്ന കവിതാസമാഹാരം സമകാലകവിതയുടെ പ്രത്യേകതകളെയെല്ലാം ആവാഹിക്കുന്നതോടൊപ്പം അനുഭവതലത്തിലും ആഖ്യാനതലത്തിലും വ്യത്യസ്തത പുലർത്തുന്നുണ്ട്. അതെപ്രകാരം എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തെ കൂടുതൽ പ്രസക്തമാക്കുന്നത്.

## പ്രമേയത്തിന്റെ തിരഞ്ഞെടുപ്പ്

തന്റെ ജീവിതത്തെയും ദർശനങ്ങളെയും നിർണയിച്ച സ്ഥലകാല അനുഭവങ്ങളിലൂന്നി നിന്നുതന്നെയാണ് സ്വന്തം കാവ്യലോകം ബിന്ദു പള്ളിപ്പാട് തീർക്കുന്നത്. കാവ്യലോകം ഇതുവരെ ആവിഷ്കരിക്കാതിരുന്ന ജീവിത പരിസരങ്ങളെ ആർഭാടങ്ങളേതും കൂടാതെ ബിന്ദുവിന്റെ കവിത അവതരിപ്പിക്കുന്നുണ്ട്. 'കണ്ണാക്ക്' എന്ന കവിതയിൽ ഓർമ്മയായി തീർന്ന അനുഭവങ്ങളെ ഒരാളുടെ മരണസമയത്ത് പതം പറഞ്ഞ് കരയുന്നതിനെയാണ് ചിത്രീകരിക്കുന്നത്. 'ഉലയുന്നതിനും പാട്ടുകളുണ്ട്' എന്നാണ് ഈ കവിത ആരംഭിക്കുന്നത്.

"നെഞ്ചിൽ നിന്ന് തൊണ്ടയിലൂടെ വളർന്ന ഭാഷയിൽ
അടഞ്ഞൊച്ചപോയ ശബ്ദങ്ങൾ" (ബിന്ദു എം പള്ളിപ്പാട്,2013,49)

കണ്ണാക്ക് എന്ന കവിതയിലെ ഈ വരികൾ ബിന്ദു എം പള്ളിപ്പാടിന്റെ കവിതയ്ക്ക് തന്നെ ആമുഖക്കുറിയാണ്. അദൃശ്യരുടെ; അസ്പർശ്യരുടെ ഒച്ചപോയ ശബ്ദങ്ങൾക്ക് ശബ്ദമാവാൻ ഈ കവിതകൾക്കാവുന്നുണ്ട്. ദലിത് ജനതയുടെ ജീവിതത്തിന്റെ നേരാഖ്യാനമായി കവിത ഇവിടെ മാറുന്നു. വയനാട്ടിലെ കനവിലെ ചിപ്രൻ എന്ന ചിത്രകാരൻ, ചെത്തുകാരൻ കൊച്ചാട്ടൻ, അയിത്തവണ്ടി, ആറ്റുമാലി, കള്ളൻ തുടങ്ങിയവയിലൂടെയെല്ലാമാണീ കാവ്യലോകം വേറിട്ട് സഞ്ചരിക്കുന്നത്.

കവിതയുടെ 'പാലറ്റ്' കവി വരയ്ക്കുന്നിടത്ത് ഗ്രാമീണ ജീവിതത്തിന്റെ ചിത്രങ്ങളാണ് തെളിയുന്നത്. ചിത്രത്തിൽ പാടവും വെള്ളവും മീനും മുണ്ടിയും മിഴിവോടെ കാഴ്ചയാവുന്നു. ഇതിനരികിൽ നിലാവിന്റെ ഹൈലൈറ്റിൽ വിയർത്തപേശി കടന്നെത്തുന്നു. ഒറ്റവീടും വിളക്കും പശ്ചാത്തലമാക്കി ഇറയത്തിരിക്കുന്നയാളുടെ മുഖത്ത് നിന്ന് പാടത്ത് നിറയെ തന്റെ ബന്ധുക്കളാണെന്ന് വായിക്കച്ചെടുക്കാൻ കഴിയുന്ന ചിത്രത്തെയാണ് 'പാലറ്റ്' എന്ന കവിതയിൽ കാണാനാവുക. മണ്ണിൽ പണിയെടുക്കുന്നവരുടെ

ISSN No: 3049-0316
വാല്യം 1 ലക്കം 4 ജൂൺ 2025

ജീവിതകാഴ്ചകളിലേക്ക് വലിയ വർണ്ണക്കൂട്ടുകളില്ലാതെ കവി നമ്മെ നയിക്കുന്നു. വിയർത്ത പേശിയും പാവപ്പെട്ടവന്റെ വീടും പരിസരവും അവരിലെ പ്രകൃതി ജീവനവും ഈ കവിതയുടെ താളമാകുന്നു. അവരുടെ ജീവിതതാളം ഈ കവിതയെ വേറിട്ട് നിർത്തുന്നു.

അറിവും സ്കൂളുമെല്ലാം വളരെ പതുക്കെ മാത്രം കടന്നെത്തിയ ജനതയ്ക്ക് പ്രകൃതിദുരന്തങ്ങളിൽ അഭയകേന്ദ്രമായിട്ടാണ് സ്കൂൾ നിലകൊള്ളുന്നതെന്ന് 'സ്കൂൾ' എന്ന കവിത പറയുന്നു. പാർപ്പിടവും ഭക്ഷണവും ലഭിക്കാത്തവന്റെ സ്കൂൾ അറിവിന്റെ ഇടമല്ല. സ്കൂളിന്റെ ഇതുവരെ കാണാത്ത ചിത്രമാണ് ഈ കവിത അനുഭവപ്പെടുത്തുന്നത്. അറിവ് അഭയമാകുന്നതുപോലെ അവർ അവിടെ താമസിക്കുന്നു. കാലത്തിനുള്ളിലെ നനഞ്ഞ പുസ്തകത്തിലും വിളക്കിനെ കാറ്റ് വിരട്ടുമ്പോഴും

"തിളങ്ങും കൊള്ളിയാൻ വെട്ടത്തിൽ
ഞങ്ങൾക്കൊരു കുടുംബഫോട്ടോയുണ്ട്" (ബിന്ദു എം പള്ളിപ്പാട്,2013:77)

എന്ന് കവിത സാക്ഷ്യപ്പെടുത്തുന്നു. ഈ കൊള്ളിയാൻ വെട്ടത്തിൽ ദലിത് ജീവിതത്തിന്റെ നേർക്കാഴ്ചകളെ ഒരു ഫോട്ടോയിൽ എന്നപോലെ പകർത്തുന്നു. അത് ആസ്വാദക മനസ്സിലും അനുഭവതീവ്രമായി ചേക്കേറുന്നു. പഴങ്കഥ കൊണ്ട് പുതച്ച് പൂർവികർ മിടുക്കന്മാരുടെ ബെഞ്ചിലിരുന്ന് പകൽ തള്ളിനീക്കുമ്പോൾ അകലെ വീട് തലകുനിഞ്ഞ് ഒരു കഴുതയായി താഴ്ന്നുപോകുന്ന കാഴ്ചയുടെ നിസ്സഹായതയും ദൈന്യവും ഈ കവിത പങ്കിടുന്നു.

താൻ ജീവിക്കുന്ന സാംസ്കാരികപരിസരത്തിലൂടെ രാഷ്ട്രീയമായി സംവദിച്ചു കൊണ്ടാണ് ഓരോ എഴുത്തും നിലകൊള്ളുന്നത്. സ്വത്വസംഘർഷങ്ങളെ താനുൾപ്പെടുന്ന ജനതയുടെ ജീവിതത്തോട് ചേർന്നുനിന്ന് ആവിഷ്കരിക്കുന്ന രീതിയാണ് ഈ കവിതകൾ സ്വീകരിക്കുന്നത്. നിലവിലുണ്ടായിരുന്ന കവിതകളിൽ ആവിഷ്കരിക്കപ്പെട്ട ജീവിതത്തെയും ആഖ്യാനത്തെയും ഭാഷയെയും പുനർനിർമ്മിക്കുന്നതോടൊപ്പം അതിനെ വിമർശനാത്മകമായി സമീപിക്കുന്നിടത്താണ് ഈ കവിതകൾ കൂടുതൽ പ്രസക്തമാകുന്നത്.

'അവർ കുഞ്ഞിനെ തൊടുമ്പോൾ' എന്ന കവിത ഉത്പാദന വർഗ്ഗത്തിന്റെ ചേറിലും ചെളിയിലും പുതഞ്ഞ ജീവിത പരിസരത്തിലേക്ക് കടന്നുവന്ന ഒരു കുഞ്ഞിന്റെ പിറവിയെ മുൻനിർത്തിയാണ്. അധ്വാനത്താൽ ഞരമ്പ് തിണർത്ത വിരലുകൾ ഒഴിവാക്കി അവർ കുഞ്ഞിനെ മുഖം കൊണ്ട് മാത്രം തൊടുന്നു. 'കറുത്തവന്റെ കുടുംബത്തിലേക്ക് പിറവിയെടുക്കുന്ന ഓരോ കുഞ്ഞും ആദ്യം നിർണയിക്കപ്പെടുന്നത് തൊലിയുടെ നിറത്തിനാലാണ്; ലിംഗം രണ്ടാമത്തേതാണ്. കാരണം വംശവും ലിംഗവുമാണ് ഒരു കുഞ്ഞിന്റെ ഭാവി നിർണയിക്കുന്നത്' (ബെൽഹൂക്സ്, 1984,14). ബെൽ ഹൂക്സിന്റെ അഭിപ്രായത്തിനെ അടിവരയിടുന്ന കവിതയാണിത്.

"കാഞ്ഞിരവേരു പോലെ മണ്ണിൽ വെരകിയ വിരലിൽ നിന്ന്
കുഞ്ഞുവിരലിലേക്ക് വംശത്തിന്റെ ഒരു തളിര് വരുന്നു" (ബിന്ദു എം പള്ളിപ്പാട്, 2013,23).

ഈ വരികളിൽ തന്റെ പൂർവികർ അനുഭവിച്ച എല്ലാവിധ ദുരിതങ്ങളും ഉള്ളടക്കം ചെയ്തിട്ടുണ്ട്. അങ്ങനെ മണ്ണിൽ വിരകിയ വിരലുകളിൽ നിന്നും കുഞ്ഞു വിരലിലേക്ക് ആ വംശത്തിന്റെ തളിര് നീളുന്നത് അടയാളപ്പെടുത്തി കൊണ്ടാണ് കവിത മുന്നോട്ട് പോകുന്നത്.അതുകൊണ്ടാണ് ചരിത്രം വെയിലുകൊണ്ട് കുത്തിയ മുഖത്ത് കൊടിപ്പാടുകളുടെ ആഴങ്ങളിലേക്ക് കുഞ്ഞ് കണ്ണ് തുറക്കുന്നത്.

'വസന്തത്തിന്റെ ഇടിമുഴക്കം' എന്ന കവിത ഏറെ രാഷ്ട്രീയ മാനങ്ങൾ ഉള്ളതാണ്. ബംഗാളിലെ നക്സൽബാരി മൂവ്മെന്റിന്റേയും തുടർന്നുവന്ന മാവോസേതുങ്ങിന്റെ റേഡിയോ പ്രഭാഷണവുമെല്ലാം ഈ കവിത ഓർമ്മപ്പെടുത്തുന്നു. എന്നാൽ ദലിതരുടെ മുൻതലമുറ അനുഭവിച്ച തിക്താനുഭവങ്ങളാണ് ഈ കവിതയുടെ ഉള്ളടക്കം. പോസ്റ്ററൊട്ടിച്ചും ചുവരെഴുതിയും നടന്ന ദിവസങ്ങളിൽ അമ്മ മരിച്ച് അനാഥമായവർ, വ്രണക്കാലുമായ് തെങ്ങിന്റെ മുകളിൽ ഭയന്ന് ആഴ്ചകൾ താമസിക്കേണ്ടിവന്ന അപ്പൂപ്പൻ, തെറുത്തപായക്കുള്ളിലാക്കി വണ്ടിയിലേക്ക് എറിയപ്പെട്ട അച്ഛൻ, ആർത്തവദിവസങ്ങളിൽ പോലും പീഡിപ്പിക്കപ്പെട്ട പെങ്ങൾ... അങ്ങനെ നീളുന്നതാണ് തന്റെ സഹജീവികളുടെയും പൂർവികന്മാരുടെയും ജീവിതം. അങ്ങനെ അനേകം തിക്താനുഭവങ്ങളാൽ

 ISSN No: 3049-0316 

"നെഞ്ച് തടവുമ്പോൾ കൈ മുറിയുന്ന
ചിലർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്
വസന്തം പിടിച്ച് ചുമച്ചു ചുമച്ച്" (ബിന്ദ എം പള്ളിപ്പാട്, 2013, 90).

ജീവിക്കുന്ന ഇത്തരം ഓർമ്മകൾ കൊണ്ട് മുറിപ്പെട്ടതാണ് ഓരോ ദലിതന്റെയും വസന്തങ്ങൾ. അഥവാ ഇവിടെ വസന്തം തീർക്കുന്നതിൽ ഏറ്റവുമധികം യാതനകളും ത്യാഗങ്ങളും സഹിക്കേണ്ടി വന്നത് ദലിത് ജനതയ്ക്കാണ്.'അയിത്ത വണ്ടി ചില പ്രതിഷ്ഠാന ശ്രമങ്ങൾ' എന്ന കവിതയിൽ കേരളത്തിലെ ദലിത് പ്രസ്ഥാനത്തിലെ നവോത്ഥാന നായകരെയും അവരുടെ പ്രവർത്തനങ്ങളെയും നിർദ്ധാരണം ചെയ്യുന്നു. പകൽ രാജാവും ഉയർന്ന ജാതിക്കാരും ഒന്നായി ചേരുന്നതിന്റെ യുക്തി കവി പരിഹസിക്കുന്നു. അതേസമയം തന്റെ ജനതയെ കുറിച്ചുള്ള സന്ദേഹങ്ങൾ ഇങ്ങനെ കുറിക്കുന്നു.

"മറക്കാനുള്ള പാങ്ങില്ലായ്മകയാൽ
പ്രകാശമുള്ളിടത്തെല്ലാം പറിച്ച് കീറുന്ന
ആത്മാഭിമാനത്തിനെ വീണ്ടെടുക്കാൻ
എത്ര നൂറ്റാണ്ട് വേണ്ടിവരും" (ബിന്ദ എം പള്ളിപ്പാട്, 2013: 54).

വാങ്മയചരിത്രത്തിൽ കറുത്തവന്റെ പ്രതിരോധ ശബ്ദങ്ങൾ അസംഖ്യം നിലവിളികളായി ബാക്കി നിൽക്കുമ്പോൾ തന്റെ കവിത

"കുറുകവിതകളുടെ തെറിയായ്
പൊക്കങ്ങൾ സൃഷ്ടിക്കുന്നത്
എങ്ങനെ പകർത്തിവയ്ക്കും
രൂപപ്പെടുത്തും" (ബിന്ദ എം പള്ളിപ്പാട്, 2013,54)

എന്ന് ആകുലപ്പെടുന്നു. 'കാണുന്നില്ലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി' എന്ന് ആകുലപ്പെട്ട പൊയ്കയിൽ അപ്പച്ചന്റെ പിൻഗാമിയാണ് ഈ കവിയും.കുഴഞ്ഞചേറിൽ വേദനകളോടെ പെരുമാറുന്നവരുടെ തൃഷ്ണകളെ ഭൂമിയിലെ എന്തിനോടാണ് ചേർത്തുവെയ്ക്കാനാവുക എന്ന ചോദ്യം ബാക്കിയാവുന്നിടത്താണ് കവിത പ്രമേയപരമായി മൗലികമാകുന്നത്.

കറുപ്പിനെ ഓരത്തേക്ക് മാറ്റുന്നതിന്റെ ചരിത്രപരതയെ കണ്ടെടുക്കുന്ന കവിതയാണ് 'സ്റ്റുഡന്റ്സ് വാട്ടർ കളർ' എന്ന കവിത. കറുപ്പിന് ഏഴഴകെന്ന് പറഞ്ഞ് സ്ഥാനം നൽകി ഒതുക്കുന്നതിന്റെ പൊള്ളത്തരങ്ങൾക്ക് മുകളിലേക്കാണ് 'മുഖം തുടുത്തു ചുണ്ടു ചുവന്നുള്ള ഒരു കുഞ്ഞാണ് കുഞ്ഞ്' എന്ന കാമുകിയുടെ അഭിപ്രായം വന്നു വീഴുന്നത്. ഈ വർത്തമാനാവസ്ഥയിലേക്കാണ് പെരുത്തവയറും കറുത്തചുണ്ടും വിളറിയ മുഖവുമുള്ള മെലിഞ്ഞ കുഞ്ഞ് വരുന്നത്. അവിടെയാണ്

"കത്തുന്ന ലോകവും
കരിഞ്ഞ മാംസവും വരയ്ക്കാൻ
കളറെടുക്കാതിരുന്നവരാണ്
നിന്റെ ഗുരുക്കന്മാർ" (ബിന്ദ എം പള്ളിപ്പാട്, 2013: 88)

എന്ന സാക്ഷ്യപ്പെടുത്തൽ കടന്നുവരുന്നത്. ദലിതന്റെ പൊള്ളുന്ന അനുഭവയാഥാർത്ഥ്യങ്ങളെ അടയാളപ്പെടുത്താതെ; കളറെടുക്കാതെ പോയ ചരിത്രത്തിലെ അഭാവങ്ങളെ ഇവിടെ അപലപിക്കുന്നു. ഇത്തരം സാംസ്കാരിക പരിസരത്തിലാണ് കൈപ്പിഴയായി കറുപ്പ് മാറുന്നത്. വെളുപ്പിനെ വേർതിരിക്കുന്നിടത്താണ് കറുപ്പ് ബാക്കിയാവുന്നത്. സവർണ്ണ ജ്ഞാന സൗന്ദര്യശാസ്ത്രവും കോളനിയനന്തര ജ്ഞാന സൗന്ദര്യശാസ്ത്രവും ഒരേപോലെ അപരവത്കരിച്ച; അദൃശ്യവൽക്കരിക്കപ്പെട്ടവരാണ് കറുത്തവരും തത്തുല്യരായ ഇതര ന്യൂനപക്ഷ ജനവിഭാഗങ്ങളും. വെളുപ്പിന്റെ സർവ്വാധിപത്യത്തെ ജ്ഞാന സൗന്ദര്യ സങ്കല്പങ്ങളുടെ കേന്ദ്രമാക്കി പരിചരിച്ചതിനെ വിചാരണ ചെയ്യുന്ന കവിതയാണ് 'സ്റ്റുഡന്റ്സ് വാട്ടർ കളർ' എന്ന കവിത. "മുഖ്യധാര മലയാള കവിതാസ്ഥാപനം അരികുവത്കരണത്തിലൂടെ ആഭ്യന്തര കോളനിവൽക്കരണത്തിലൂടെ/അപരത്വവൽക്കരണത്തിലൂടെ

ISSN No: 3049-0316


വൈവിധ്യങ്ങളെ നിരാകരിക്കുകയാണ് ചെയ്തുവരുന്നത്. ഇത്തരം നിരാകരണത്തിന്റെ യുക്തികളെ അപ്പാടെ നിഷേധിക്കുന്നതാണ് സമകാലീനമായ ഒട്ടേറെ കവിതകൾ" (ബാബുരാജ് കെ കെ, 2023, 165) എന്ന നിരീക്ഷണത്തെ അടിവരയിടുന്നതാണ് ഈ കവിതകൾ.

പള്ളിപ്പാട്ടെ പാടവും വരമ്പും ചളിയും പുതഞ്ഞെടുത്ത സ്ഥലകാല അനുഭവങ്ങളിൽ നിന്നും ആരംഭിച്ച് ലോകത്തിന്റെ ഏതിടങ്ങളിലേക്കും സഞ്ചരിക്കുന്ന പ്രമേയപരിസരമാണ് ഈ കവിതാ സമാഹാരത്തിലുള്ളത്. അതിന് കവിയെ പ്രാപ്തനാക്കിയത് ചലച്ചിത്രങ്ങളും ചിത്രകലയും സംഗീതവും ശിൽപ്പകലയും ഒക്കെ പിന്തുടർന്ന് നടത്തിയ യാത്രകളാണ്. ഒരേസമയം പുല്ലാംകുഴൽ വാദകനായും കവിയായും അദ്ദേഹം സഞ്ചരിച്ചു.

## ആഖ്യാനവിഭിന്നതകൾ

മലയാളകവിതയിൽ അംഗീകരിക്കപ്പെട്ട ഭാഷയും അധികാര ബന്ധങ്ങളും പലനിലയിൽ അട്ടിമറിക്കുന്ന അവതരണ രീതിയാണ് ദലിത് കവിതകളുടേത്. പ്രമേയം കൊണ്ടും ഭാഷ കൊണ്ടും ആഖ്യാനം കൊണ്ടും കവിതയെ പുതിയ വഴിയിലൂടെ സഞ്ചരിപ്പിക്കുന്നതാണ് ദലിത് കാവ്യലോകം. അത് കവിതയെ 'വൃത്തങ്ങളിൽ നിന്നും ചതുരങ്ങളിൽ നിന്നും' ജീവിതത്തിന്റെ പുതിയ മേച്ചിൽ പുറങ്ങളിലേക്ക് നടത്തിച്ചു. അത്തരമൊരു പാരമ്പര്യത്തെയാണ് ബിനു എം പള്ളിപ്പാടിന്റെ കവിതയും സംവഹനം ചെയ്യുന്നത്. ആഖ്യാനത്തിന്റെ വ്യത്യസ്തതകളിലൂന്നികൊണ്ടാണ് ആ എഴുത്ത് സ്വയം അടയാളപ്പെടുന്നത്. അത്തരം വ്യതിരിക്തതകൾ ഈ കവിതാ ലോകത്തും കാണാം. പുതിയ കാവ്യബിംബങ്ങളും ഉപാധികളും ഈ കവിതാ ലോകത്ത് അങ്ങനെ കടന്നു വരുന്നു.

സാഹിത്യലോകത്തേക്ക് പ്രവേശനം കിട്ടാതെ പോയ പദങ്ങളുടെ ഒരു നീണ്ടനിര തന്നെ ഈ കാവ്യലോകത്ത് കണ്ടെടുക്കാം. ചേക്കകൾ, ആറ്റുമാലി, ഊത്ത ഇങ്ങനെ പോകുന്ന കവിതയുടെ തലക്കെട്ടുകൾ തന്നെ. കല്ലൂരി, നൂലകം തുടങ്ങിയ പ്രയോഗങ്ങൾക്ക് അടിക്കുറിപ്പ് നൽകിയതോടെ സംവേദനം കൂടുതൽ സാധ്യമായി. എന്നാൽ പ്രാദേശികവും ദലിത് ജീവിതപരിസരത്തിൽ നിന്നുമുള്ള മറ്റു പദാവലികൾക്ക് കൂടി അടിക്കുറിപ്പ് ഇല്ലാത്തത് വായനയുടെ സ്വാഭാവികമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നുണ്ട്. എന്നിരുന്നാലും അടയാളപ്പെടുത്താതെ പോയ അനേകം അരികുജീവിതങ്ങളുടെ ഒച്ചയാവാൻ ഈ കവിതകൾക്കാവുന്നുണ്ട്. അതിനെ സവിശേഷ ഊന്നലോടെ ചിത്രീകരിക്കുന്നതിനാലാണ് പുതിയ പദാവലികൾ അനിവാര്യമാകുന്നത്.

ചലച്ചിത്രത്തിലും ചിത്രകലയിലുമുള്ള അതീവതാൽപര്യം ബിനു എം പള്ളിപ്പാടിന്റെ ആഖ്യാനത്തെ വലിയതോതിൽ നിർണയിക്കുന്നുണ്ട്.

'സർട്ടിഫിക്കറ്റ്' എന്ന കവിത ഇവിടെ ഓർമ്മിക്കാവുന്നതാണ്. അഞ്ച് സർട്ടിഫിക്കറ്റിന്റെ ഉടമസ്ഥതയിലൂടെ അഞ്ച് വ്യത്യസ്ത ജീവിതത്തിലേക്കുള്ള ചെറു കാഴ്ചകളാണ് ഈ കവിത.

"അവസാനത്തെയാളുടെ വാരിയെല്ലുകൾ
ചെറുപ്പത്തിലേ തന്നെ അടിയന്തരാവസ്ഥ
അകത്തേക്ക് ഒതുക്കിയിരുന്നു" (ബിനു എം പള്ളിപ്പാട്, 2013: 64)

എന്നിങ്ങനെ ഭരണാധികാരികളാൽ ഇരയാക്കപ്പെട്ടവനായിട്ടാണ് അഞ്ചാമത്തെയാളെ അവതരിപ്പിക്കുന്നത്. തുടർന്ന് അയാൾക്ക് പോലീസ് സ്റ്റേഷനിൽ നീതി കിട്ടാത്തതിനെ ഹാസ്യാകമ്പടിയോടെ ചിത്രീകരിക്കുന്നു. അഞ്ചുപേരിൽ മൂന്നും നാലും സ്ത്രീകളാണ്. അടുക്കള മണത്തോടെയും പുരുഷന്റെ കയ്യിൽ തറച്ചു കയറിയ ചൂണ്ട പറിച്ചെടുത്ത് കൊണ്ട് പരിചരണ രക്ഷക സ്ഥാനത്തോടെയും അടയാളപ്പെട്ടവരാണവർ.

'മർച്ചന്റ് ഓഫ് ഫോർ സീസൺസ്' എന്ന കവിത തലക്കെട്ടിൽ തന്നെ പാരഡിയുടെ അകമ്പടി സ്വീകരിച്ചിരിക്കുന്നു. പ്രശസ്ത ജർമൻ സിനിമസംവിധായകൻ ഹാൻബിന്ററിന്റെ ഓർമ്മയിലാണ് ഈ

 ISSN No: 3049-0316


തലക്കെട്ട്. തലക്കെട്ട് നമ്മളെ ജർമ്മൻ സിനിമയിലേക്ക് കൊണ്ടുപോകുമെങ്കിലും നാട്ടിൻപുറത്തെ ചെത്തുകാരുടെ ജീവിതപരിസരങ്ങളെ ഒരു സർറിയലിസ്റ്റ് ഫോട്ടോഗ്രാഫിക് കാഴ്ചയിലൂടെ ആഖ്യാനം ചെയ്യുന്ന കവിതയാണിത്. റിയലിസ്റ്റ് ആഖ്യാനരീതിയെ പുനർനിർണയിക്കുന്നതാണ് സർറിയലിസ്റ്റ് രീതി. യുക്തിയുടെയും പൂർവ്വ നിശ്ചിത നിയന്ത്രണങ്ങളുടെയും ബന്ധനം കൂടാതെയുള്ള ആഖ്യാനമാണ് എന്ന് സാമാന്യമായി പറയാം. ഫ്രാൻസിൽ ആന്ദ്രേബ്രിട്ടന്റെ മുൻകൈയിൽ രൂപപ്പെട്ട പ്രസ്ഥാനമാണിത്. നികൃഷ്ടമായ ജീവിതം അഥവാ വളംകടിയുടെ കാലം എന്നാണ് ഈ കവിതയുടെ മറ്റൊരു തലക്കെട്ട്. തലക്കെട്ടിന്റെ ആദ്യഭാഗം ഭാഷയിലെ വരേണ്യ സംസ്കാരത്തിന്റെ പ്രതിനിധാനമാണ്. അതിനെ തെല്ലൊരു ഹാസ്യത്തോടെ ഇടുന്ന തലക്കെട്ടാണ് വളം കടിയുടെ കാലം എന്നത്. മഴക്കാലത്തെ ചെളിപ്പടർന്ന വളംകടിയുടെ കാലത്തേക്കാണ്; ജീവിത പരിസരത്തിലേക്കാണ് കൊച്ചാട്ടനെ പിന്തുടർന്നെത്തുന്ന കവിത നമ്മെ കൂട്ടി കൊണ്ടുപോകുന്നത്. ആ വീടിന്റെ ഒച്ചയനക്കങ്ങളെ അതിന്റെ ദൃശ്യതയിലൂന്നി ആവിഷ്കരിച്ചുകൊണ്ട് അനുഭവത്തെ തീക്ഷ്ണമായിട്ട് എഴുതുന്ന കവിതയാണിത്. വീശി അടിക്കുന്ന കാറ്റത്ത് കാലിൽ ചളിയുമായി വീടിനകത്തും പുറത്തും കയറുന്ന കൊച്ചാട്ടനും അപ്പുറത്ത് അടുക്കളയിലെ കൊച്ചാട്ടന്റെ ഭാര്യയുടെ അമർഷവർത്തമാനവും 'റേഡിയോയിലെ സിലോൺ പ്രക്ഷേപണം പോലെ അടുത്തും അകലെയുമായി അങ്ങനെ കിടന്നു' എന്നാണ് കവി ചിത്രീകരിക്കുന്നത്. ആഖ്യാനത്തിന്റെ ദൃശ്യത മുറ്റിയ അവതരണം ഈ കവിതയിൽ കടന്നെത്തുന്ന വിധമാണിത്. തുടർന്ന് ചാറ്റൽ മഴയിൽ കൊച്ചാട്ടന്റെ വീട് ചങ്ങാടത്തിൽ ഇരുന്നു നോക്കുമ്പോൾ 'ചരിയുകയും തിരിയുകയും ഭൂമിയിൽ നിന്ന് പൊങ്ങുകയും താഴുകയും ചെയ്യുന്നു' എന്ന തോന്നലിനെ വരയ്ക്കുന്നു. പിന്നീടൊരിക്കൽ ചങ്ങാടമിറങ്ങി കൊച്ചാട്ടന്റെ വീടിന് നേരെ നടക്കുന്ന തനിക്ക് നേരെ വരുന്ന ചേച്ചിയെയും മകളെയും അമ്മൂമ്മയെയും അവതരിപ്പിക്കുന്നതിങ്ങനെയാണ്.

"മൂന്ന് പേരുടെയും മുഖങ്ങൾ ഏതോ
ജർമൻ എക്സപ്രഷനിസ്റ്റുകളുടെ ഡ്രോയിങ് പോലെ
കൺതടങ്ങളിൽ കരുവാളിച്ച കറുപ്പ്
വെളുത്ത സ്ട്രോക്ക് കൊണ്ട് കുഴിഞ്ഞുകിടന്നു" (ബിനു എം പള്ളിപ്പാട്, 2013,34).

കൊച്ചാട്ടന്റെ ജീവിതവും അയാളുടെ അഭാവം നിറച്ച വീടും ദൃശ്യതയിലപൂർവ്വചിത്രം പോലെ ഈ കവിത വരച്ചിട്ടുണ്ട്.

ഒപ്പം ബാറുകാരുടെ ഗുണ്ടകൾ ചേർന്ന് ഒറ്റുകൊടുക്കുന്നിടത്ത് കൊച്ചാട്ടനെ പോലീസ് പിടിക്കുന്നതോടെ കുടുംബത്തിന്റെ ദൈന്യതയിലേക്ക് കാഴ്ചകൾ മാറുന്നു. മദ്യവും ദാരിദ്ര്യവും വൃത്തിരഹിതമായ പാർപ്പിട പരിസരവും വ്യഭിചാരവുമെല്ലാം കാഴ്ചകളിലെത്തുന്നു. ഇത്തരം കാഴ്ചകൾക്കൊടുവിൽ ചാരായലഹരിയിൽ

"അമ്മ എനിക്ക് കാച്ചിയ പാൽ തരും
അത് കുടിക്കാഞ്ഞാൽ അമ്മ കരയും" (ബിനു എം പള്ളിപ്പാട്, 2013: 36)

എന്ന് പറയുന്നിടത്താണ് കവിതയുടെ രാഷ്ട്രീയ സാമൂഹ്യവിമർശനതലം സൂക്ഷ്മമായി ആഖ്യാനം ചെയ്യപ്പെടുന്നത്. കവിത അവസാനിക്കുന്നിടത്താവട്ടെ,

പ്രത്യേകം ശ്രദ്ധിക്കുക:

വെണ്ണ, കണ്ണൻ, ഉണ്ണി, പൈമ്പാല്, വാടിത്തളരുക, നെയ്യ്
ഓമനത്തിങ്കൾ തുടങ്ങിയ വാക്കുകൾ കൊണ്ട് വേപഥു
ഒഴുക്കിയ മുഴുവൻ കവികളുടെയും കവിതകൾ
ഇതിനോട് ചേർത്തുവെച്ച് വായിക്കാവുന്നതാണ് (ബിനു എം പള്ളിപ്പാട് 2013: 36)

എന്ന അടിക്കുറിപ്പോടെയാണ്. ഇങ്ങനെയാണ് ആവിഷ്കാരത്തിലെ പ്രമേയപരവും ഭാഷാപരവും സാംസ്കാരികവുമായ വിടവുകളെയും മാറ്റിവെക്കലുകളെയും കവി പ്രശ്നവത്കരിക്കുന്നത്. ഒപ്പം ഈ

ISSN No: 3049-0316


പദാവലികൾക്കിണങ്ങാത്ത ദലിത് ജീവിതകാഴ്ചകളെ തുറന്നാവിഷ്കരിച്ചുകൊണ്ട് വരേണ്യതയെ പ്രതിരോധിക്കുന്ന രാഷ്ട്രീയമാണ് ഈ കവിതകൾ നിർവഹിക്കുന്നത്.

അങ്ങനെ കവിതയുടെ സാമ്പ്രദായികമായ പ്രയോഗങ്ങളിൽ നിന്നും അതിശയോക്തിപരമായ വർണ്ണനകളിൽ നിന്നും വിമോചനം നേടി പുതിയ അന്വേഷണം നടത്തിയ കാവ്യഭാഷയാണ് ബിന്ദു എം. പള്ളിപ്പാടിന്റേത്. അതിനായി പുതിയ പദാവലികൾ തന്നെ കവി കണ്ടെത്തുന്നു. നേരത്തെ ഉണ്ടായിരുന്ന ചില പ്രയോഗങ്ങളും പാസ്റ്റിഷ് രചന രീതിയുടെ ഭാഗമായി കവി ഉപയോഗിക്കുന്നു. പഴയകാല കൃതികളിലെ പ്രയോഗങ്ങൾ, സന്ദർഭങ്ങൾ എന്നിവ പാരഡികളായും അല്ലാതെയും വിഭിന്നാർത്ഥതലങ്ങൾ ഉല്പാദിപ്പിക്കായി ഉപയോഗിക്കുന്ന രീതിയാണ് പാസ്റ്റിഷ് രചനാരീതി. 'മർച്ചന്റ് ഓഫ് ഫോർ സീസൺസ്'' എന്ന കവിത ഇത്തരത്തിൽ വളരെ ശ്രദ്ധേയമാണ്.

പ്രമേയതലത്തിൽ അതുവരെ മലയാള കവിതകടന്നത്താത്ത വഴിയിലൂടെ ഈ കാവ്യലോകം സഞ്ചരിച്ചു. പള്ളിപ്പാട്ട് മാത്രമല്ല അതിന്റെ ക്യാൻവാസ്. അതിനകത്ത് ലോകസിനിമയും ഫോട്ടോഗ്രാഫിയും ചിത്രകലയും എല്ലാം ചേർന്ന് കവി സൃഷ്ടിച്ചെടുക്കുന്ന ലോകം കളറെടുക്കാതെ പോയ; വരയ്ക്കാതെ പോയ മനുഷ്യജീവിതത്തിന്റെ ചിത്രങ്ങളുടേതാണെന്ന് നിസംശയം പറയാം. 'അവർ കുഞ്ഞിനെ മുഖം കൊണ്ട് മാത്രം തൊടുന്നു' എന്ന വരികൾ ചെന്ന് തൊടുന്നത് ദലിത് ജീവിതത്തിന്റെ സാമൂഹികവുംസാംസ്കാരികവും മാനവികവുമായ തലങ്ങളെയാണ്.

## സഹായകഗ്രന്ഥങ്ങൾ

ബിന്ദു എം പള്ളിപ്പാട്, 2013, അവർ കുഞ്ഞിനെ തൊടുമ്പോൾ, ഡിസി ബുക്സ്, കോട്ടയം.

ബിന്ദു എം പള്ളിപ്പാട്,2023, കുയിൽ കുടി, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.

പ്രദീപൻ പാമ്പിരികുന്ന്, 2023(2007), ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പ്രദീപൻ പാമ്പിരികുന്ന്, 2011, ദലിത് സൗന്ദര്യ ശാസ്ത്രം, ഡിസി ബുക്സ് കോട്ടയം.

മനോജ് എം ബി, എഡി. 2013 ആഖ്യാനം സാന്നിധ്യം സൗന്ദര്യം,വിദ്യാർത്ഥി പബ്ലിക്കേഷൻസ് കോഴിക്കോട്

ഡോ. ജയശീലൻ പി ആർ,2023, ബിന്ദു എം പള്ളിപ്പാട്: മലയാളത്തിലെ വിച്ഛേദകവിത, രേണുകുമാർ എം ആർ,2023, എല്ലാ ഋതുക്കളുടെയും കവി, ക്യൂവൈവ് ടെക്സ്റ്റ്, മാവേലിക്കര.

ബാബുരാജ് കെ കെ, 2023, പുതു ദലിത് കവിതയും സമകാലീന ജ്ഞാന സിദ്ധാന്തത്തിലെ തകരാറുകളും,സന്തോഷ് ഒ കെ, രാജേഷ് കെ എരുമേലി (എഡി.),2023, പുതു കവിത വായന വിചാരം രാഷ്ട്രീയം, ആത്മ ബുക്സ്, കോഴിക്കോട്.

സന്തോഷ് ഒ.കെ, എഡി. 20012 കാതൽ- മലയാളത്തിലെ ദളിത് കവിതകൾ ഡിസി ബുക്സ്, കോട്ടയം.

സാം.എൻ എഡി. 2014 സമകാല മലയാള സാഹിത്യം കറന്റ് ബുക്ക് തൃശ്ശൂർ

Bell hooks, 1984, Feminist theory. From Margin to Center Routledge, Newyork